ശ്രീ. ആർ. സുഗതൻ: സ്റ്റേറുകാർ മുട്ടി അപകടമുണ്ടായാൽ കോമ്പൻസേഷൻ കൊടുക്കുമോ? അങ്ങനെയാണെങ്കിൽ തുശ്ശീർവച്ച് അപകടം പറ്റിയ ഉന്തുവണ്ടിക്കാരൻ വേലായുധനു് നഷ്ടപരിഹാരം ലഭിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഏതുകാർ മുട്ടി അപകടം നേരിട്ടാലും കോമ്പൻസേഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ഒരുപോലെയാണു്.

ഫാസ്റ്റു പാസഞ്ചർ സർവ്വീസു് റൂട്ടുകൾ.

* 930. [20] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964–65 സാമ്പത്തികവർഷത്തിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസു് റൂട്ടുകൾ ഏതൊക്കെയാണു് ;

(ബി) ഗതാഗത സൗകര്യം വളരെ പരിമിതമായ മലബാർ പ്രദേശത്തു കൂടുതൽ സ്റ്റേറു ബസ്സുകൾ ഓടിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട്ട–പേരാമ്പ്ര–കുറ്റ്യാടി റൂട്ടിൽ 2 ബസ്സുകളെങ്കിലും തുടങ്ങുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുമോ :

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(സി) തൽക്കാലം സാദ്ധ്യമല്ല.

ജല വൈദ്യുത പദ്ധതികൾ.

* 931. [21] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം പദ്ധതിക്കാലത്തു സ്റ്റേറിൽ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള ജല വൈദ്യുത പദ്ധതികൾ ഏതെല്ലാം :

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികളുടെ പണികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടു് ;

(സി) ഓരോന്നിന്റെയും ഇതുവരെയുള്ള പ്രവർത്തന പുരോഗതി എത്ര മാത്രം ;

(ഡി) ഏതെങ്കിലും പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ആരംഭിക്കേണ്ടതില്ല എന്നു് തീരുമാനിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ ഏതിന്റെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പുതുതായി ആരംഭിച്ച ജല വൈദ്യുതപദ്ധതികളും ഇടുക്കിയും കുറ്റ്യാടിയുമാണു്.

(ബി) രണ്ടിന്റെയും പണികൾ ആരംഭിച്ചു കഴിഞ്ഞു.

(സി) പുതിയ അപ്രോച്ചുറോഡു്, പാലം മുതലായവ പണിയുക, ഇപ്പോഴുള്ളവ പുതുക്കുക, തടം നിർപ്പാക്കുക മുതലായ പ്രാരംഭ പ്രവൃത്തികൾ നടത്തിവരുന്നു. കോളനിക്കും കാർട്ടേഴ്സിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചു കൺട്രാക്ടുകൾ കൊടുത്തു വരുന്നു. കൂടാതെ കുറ്റ്യാടി പദ്ധതിയുടെ ഡാമിന്റെ പണിക്കും ടെൻഡർ വിളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly